For Private Circulation Only September 2020

# ആശമദൂതൻ

HOLY BIBLE

Vol.67 | No.9

കർത്താവേ നീ നല്ലവനും ക്ഷമിക്കുന്നവനും നിന്നോട് അപേക്ഷിക്കുന്നവരോടൊക്കെയും മഹാദയാലുവും ആകുന്നു" (സങ്കീ. 86:5)

## ആത്മാവിനാലുള്ള ശുദ്ധീകരണം

By J.Oswald Sanders

വായനഭാഗം : 1 രാജാ 18:1–40.

വിശുദ്ധ ബൈബിളിലെ പഴയനിയമത്തിലെ ഒരു പ്രധാനപ്പെട്ട ചരിത്ര സംഭവമാണിത്. ഇവിടുത്തെ സംഭവങ്ങൾ വളരെ പ്രശംസനീയമാണ്. ഇവിടെ വെളിപ്പെടുന്ന ദൈവിക പ്രവൃത്തികളും വളരെ മഹത്വകരമാണ്.

യിസ്രായേലിൽ ഉണ്ടായിരുന്ന ഏലിയാവ് എന്ന പ്രവാചകൻ യഹോവയുടെ വളരെ പ്രധാനപ്പെട്ട ഒരു ദൈവപുരുഷനാണ്. അവൻ പ്രത്യക്ഷപ്പെടുന്നത് ഭയങ്കരമായ പ്രശ്നത്തിന്റെ മുമ്പിൽ ഒരു ദൈവപുരുഷനായിട്ടാണ്. അവൻ പെട്ടെന്ന് അപ്രത്യക്ഷപ്പെടുകയും ചെയ്യുന്നു. അഗ്നിമയമായ സ്വർഗ്ഗീയ രഥങ്ങൾ ചുഴലികാറ്റിൽ വരുമ്പോൾ പുതിയ നിയമത്തിൽ വളരെ വിശദമായിട്ട് ഇദ്ദേഹത്തെകുറിച്ചു പറയുന്നു; പ്രാർത്ഥനയിൽ കൂടി ആകാശത്തെ അടച്ച് ദേശത്ത് മൂന്നരവർഷത്തോളം മഴ പെയ്യാതിരിക്കുന്നു.

രൂക്ഷമായ പ്രശ്നങ്ങളുടെ മദ്ധ്യത്തിൽ ശുശ്രൂഷ ചെയ്യുന്ന ഈ ദൈവപുരുഷന്റെ ശുശ്രൂഷ വിജയം നമ്മൾ ഇങ്ങനെ സംഗ്രഹിക്കുവാൻ കഴിയും. അബ്രഹാമിന്റെയും യിസഹാക്കിന്റെയും യിസ്രായേലിന്റെയും ദൈവമായ യഹോവേ, ഞാൻ നിന്റെ ദാസൻ എന്നും ഈ കാര്യങ്ങളൊക്കെയും ഞാൻ നിന്റെ കല്പന പ്രകാരം ചെയ്തുവെന്നും ഇന്നു വെളിപ്പെട്ടുവരട്ടെ (1രാജാ. 18:36). അതെ യഥാർത്ഥ ദൈവപുരുഷൻ പ്രാർത്ഥന സ്ഥലത്ത് ഉണ്ട്. മൂന്ന് കാര്യങ്ങൾ താഴെ രേഖപ്പെടുത്തുന്നു.

**1. ദൈവമഹത്വം വെളിപ്പെടണമെന്നുള്ള ഒരു വലിയ ആഗ്രഹം.**

എല്ലാവരും അറിയട്ടെ അവിടുന്ന് യിസ്രായേലിന്റെ ദൈവമെന്ന് ഈ ചിന്തയാണ് ആദ്യം അവന്റെ മനസ്സിൽ വന്നത്. അവന്റെ ഹൃദയം ഒരു സ്വർഗ്ഗീയ ആത്മാഭിമാനത്താൽ നിറയപ്പെടണം ദൈവമഹത്വം വെളിപ്പെടാൻ വേണ്ടി

**2. അവൻ യഹോവയുടെ ഒരു ദാസനാണ്.**

ഞാൻ നിന്റെ ദാസൻ ആണെന്ന് എല്ലാവരും അറിയട്ടെ: യഹോവയായ ദൈവം തന്റെ യജമാനനാണെന്ന്.

**3. സ്വർഗ്ഗീയ കല്പനകളെ സംശയം കൂടാതെ അനുസരിക്കുന്നു.**

ഈ കാര്യങ്ങളൊക്കെയും ഞാൻ നിന്റെ കല്പന പ്രകാരം ചെയ്തുവെന്ന്.

യിസ്രായേൽ ദൈവത്തെ ത്യജിച്ച് ജീവിക്കുന്നതിൽ ഏലിയാവിന് വലിയ വേദനയായിരുന്നു. രാജ്യത്തെ ഭരിച്ചിരുന്നത് വളരെ പാപങ്ങളിൽ നിറഞ്ഞു നിന്ന രാജാവായിരുന്നു. അവൻ യഹോവയായ ദൈവത്തെ സേവിക്കുവാൻ താല്പര്യപ്പെട്ടിരുന്നില്ല. 1രാജാ. 16:30–ൽ നന്മകൾ കാണുന്നത് ഒമ്രിയുടെ മകനായ ആഹാബ് തനിക്കു മുമ്പുണ്ടായിരുന്ന എല്ലാവരെക്കാളും അധികം യഹോവക്കു അനിഷ്ടമായുള്ളതു ചെയ്തു. നെബാത്തിന്റെ മകനായ യൊരോബെയാമിന്റെ പാപങ്ങളിൽ നടക്കുന്നതു പോരാ എന്നു തോന്നുമാറു അവൻ സീദോന്യരാജാവായ എത്ത് -ബാലിന്റെ മകളായ ഈസബെലിനെ ഭാര്യയായി പരിഗ്രഹിക്കുകയും ബാലിനെ ചെന്നു സേവിച്ചു നമസ്കരിക്കുകയും ചെയ്തു. താൻ ശമര്യയിൽ പണിത ബാലിന്റെ ക്ഷേത്രത്തിൽ അവൻ ബാലിനും ഒരു ബലപീഠം ഉണ്ടാക്കി. ആഹാബ് ഒരു അശേരപ്രതിഷ്ഠയും ഉണ്ടാക്കി. അങ്ങനെ ആഹാബ് യിസ്രായേലിന്റെ ദൈവമായ യഹോവയെ കോപിപ്പിക്കത്തവണ്ണം തനിക്കു മുമ്പുണ്ടായിരുന്ന എല്ലാ യിസ്രായേൽ രാജാക്കന്മാരെക്കാളും അധികം ദോഷം പ്രവർത്തിച്ചു (വാക്യം 31–33). യിസ്രായേലിന്റെ ആരാധനയിൽ യഹോവയായ ദൈവത്തെ ആരാധിക്കുന്നതിന് പകരം ബാലിനെ പ്രതിഷ്ഠിച്ചു. അങ്ങനെ യിസ്രായേലിന്റെ മതപരവും ധാർമ്മികവുമായ അധ:പതന സമയത്ത് നാടകീയമായി യിസ്രായേലിന്റെ ചരിത്രത്തിലേക്കു ഏലിയാവ് പ്രവാചകൻ ഇവിടെ രംഗപ്രവേശനം നടത്തുന്നു.

### അഗ്നിയുടെ വെല്ലുവിളി

" തീ കൊണ്ടു ഉത്തരം അരുളുന്ന ദൈവം തന്നേ ദൈവമെന്നു ഇരിക്കട്ടെ " (1 രാജാ. 18:24). യോഹവയായ ദൈവത്തിന്റെ ആരാധനയും ബാലിന്റെ ആരാധനയ്ക്കു ഇടയിൽ ഒരു അനുരജ്ഞനവും ഇവിടെ കാണുന്നില്ല. രണ്ട് വ്യത്യസ്ത ആരാധന രീതിയുള്ള മതങ്ങൾ ഒരിക്കലും യോജിച്ച് സൗഹൃദത്തിൽ പോകുന്നില്ല. ഇപ്പോൾ ഈ ദൈവപുരുഷൻ വളരെ അപകടകരമായ ഒരു അവസ്ഥയിലാണ്. ഓരോ സമയത്തും ദൈവം തന്റെ മനുഷ്യനെ വിജയത്തിലേക്ക് നടത്തുന്നു. രഹസ്യമായ കാര്യങ്ങൾ ക്രമീകരിച്ച് അവിടുന്ന് പ്രശ്നങ്ങളുടെ മധ്യത്തിൽ ദൈവം പ്രവർ ത്തിക്കുന്നു. ദൈവം സാക്ഷ്യങ്ങളെ കൂടാതെ ഇരിക്കുന്നില്ല. ഒരു ലൂഥറോ, കാൽവിനോ വെസ്ലിയോ അല്ലെങ്കിൽ വൈറ്റ് ഫിൽഡോ , മൂഡിയോ ഒരു റ്റോറിയോ അല്ലെങ്കിൽ ഒരു ഗ്രഹാമോ.

കാർമ്മേൽ മലമുകളിൽ കാണുന്ന ഏലിയാവ് ഇപ്പോൾ ഭയങ്കരമായി പ്രകാശിക്കുന്നു. " ഏലിയാവ് നമുക്ക് സമസ്വഭാവം ഉള്ള മനുഷ്യനാകുന്നു " (യാക്കോ. 5:17). എന്നാൽ ഏലിയാവിനു വിശ്വാസവും ധൈര്യവും ഉണ്ടായിരുന്നു. അവൻ

(ശേഷം 6-ാംപേജിൽ)

# കൊടുങ്കാറ്റിന്റെ ഭീകരത നേരിടുമ്പോൾ

By. J.C.Ryle

അപ്പോൾ വലിയ ചുഴലിക്കാറ്റു ഉണ്ടായി; പടകിൽ തിര തള്ളിക്കയറുകയൊണ്ടു അതു മുങ്ങുമാറായി. അവൻ അമരത്തു തലയണവെച്ചു ഉറങ്ങുകയായിരുന്നു. അവർ അവനെ ഉണർത്തി: ഗുരോ ഞങ്ങൾ നശിച്ചുപോകുന്നതിൽ നിനക്കു വിചാരം ഇല്ലയോ എന്നു പറഞ്ഞു. അവൻ എഴുന്നേറ്റു കാറ്റിനെ ശാസിച്ചു. കടലിനോടു അനങ്ങാതരിക്കുക, അടങ്ങുക എന്നു പറഞ്ഞു. കാറ്റു അമർന്നു, വലിയ ശാന്തത ഉണ്ടായി. പിന്നെ അവൻ അവരോട് നിങ്ങൾ ഇങ്ങനെ ഭീരുക്കൾ ആകുവാൻ എന്തു? നിങ്ങൾക്കു ഇപ്പോഴും വിശ്വാസമില്ലയോ എന്നു പറഞ്ഞു (മർ. 4:37-40).

ഞാൻ ആരോടും പറയുന്നില്ല ക്രൂശ് വഹിച്ച് ക്രിസ്തുവിനെ അനുഗമിക്കുന്നവരുടെ ജീവിതത്തിൽ ഒരു കൊടുങ്കാറ്റും നേരിടേണ്ടി വരികയില്ലെന്ന്. എനിക്കു അറിയാം പലരും ഇത് ഇഷ്ടപ്പെടുന്നില്ലെന്നും. അവർ ആഗ്രഹിക്കുന്നത് ക്രിസ്തുവിനോടുകൂടി നല്ല ആരോഗ്യമുള്ള ശരീരവും മനസ്സും, ഒരു മരണവും അവരുടെ കുടുംബത്തിൽ ഒരിക്കലും സംഭവിക്കാതെ ഇരിക്കുക, ക്രിസ്തുവും നല്ല മനോഹരങ്ങളായ സുപ്രഭാതങ്ങളും ക്രിസ്തുവും വേറെ യാതൊരു കാര്യത്തെകുറിച്ചു ഭാരമില്ലാത്തതുമായ ഒരു ആത്മീക ജീവിതം. അവർ ഒരിക്കലും ഇഷ്ടപ്പെടുന്നില്ല ക്രിസ്തു ഉള്ളപ്പോൾ തന്നെ ക്രൂശിന്റെ അനുഭവം, ക്രിസ്തുവും കഷ്ടാനുഭങ്ങളും ക്രിസ്തു വും സംഘടനകളും, ക്രിസ്തുവും ആഞ്ഞടിക്കുന്ന കാറ്റും, അതെ ക്രിസ്തുവും കൊടുങ്കാറ്റും.

ആരാണ് യഥാർത്ഥ ക്രിസ്ത്യാനി എന്ന് എങ്ങനെയാണ് നിങ്ങൾ അറിയുന്നത്. ക്രിസ്തുവിനെ പിൻതുടരുകയെന്നത് എല്ലാ പ്രശ്നങ്ങളിൽ നിന്നുമുള്ള പാലായനമാണോ? പലരിൽ നിന്നും കതിര് എങ്ങനെയാണ് നമ്മൾ തിരിച്ചറിയുന്നത്, അത് വീശുമുറം കൊണ്ട് വീശുന്നില്ലെങ്കിൽ ക്രിസ്തുവിനെ ആൾക്കാർ പിൻതുടരുന്നത് എന്ത് മനോഭാവത്തിൽ നിന്നാണെന്ന് ശിശിരകാലം വരുമ്പോഴാണ് ഏതു മരമാണ് എപ്പോഴും പച്ചിപ്പ് ആയിരിക്കുന്നതെന്നും കൊടുങ്കാറ്റ് വരുത്തുന്ന കഷ്ടങ്ങളും അതിനെ തിരായുള്ള മുൻകരുതലുകൾ എപ്പോഴും ഒരുപോലെ നല്ലതാണ്. ഇവിടെയാണ് വെളിപ്പെടുന്നത് വിശ്വാസം ആരുടെതാണ് യഥാർത്ഥത്തിലുള്ളതെന്നു ആരൊക്കെ അത് ഒരു പ്രകടനമായിട്ടും ഉദ്യോഗമായിട്ടും സ്വീകരിച്ചിരിക്കുന്നത്.

ഒരു കഷ്ടത ഇല്ലാത്തോടത്തോളം കാലം എങ്ങനെയാണ് വിശ്വാസിയുടെ ശുദ്ധീകരണം തന്റെ വിശ്വാസജീവിതത്തിൽ നടക്കുന്നത്? ബുദ്ധിമുട്ടുകൾ ഇവിടെ ചെയ്യുന്നത്. തീ എങ്ങനെയാണ് സ്വർണ്ണത്തെ ശുദ്ധീകരിച്ച് അതിലെ കീടം മാറ്റി നല്ലപൊന്ന് ആക്കിമാറ്റുന്നതുപോലെ ഇവിടെ ഉയരുന്ന അഗ്നി

(ശേഷം 8-ാം പേജിൽ)

**കർത്താവിൽ പ്രിയരേ,**

യേശുക്രിസ്തുവിന്റെ നാമത്തിൽ സ്നേഹ വന്ദനം.

" അന്നു കന്യകയും യൗവ്വനക്കാരും വൃദ്ധന്മാരും ഒരു പോലെ നൃത്തം ചെയ്തു സന്തോഷിക്കും. എന്റെ ജനം എന്റെ നന്മകൊണ്ടു തണുപ്പിക്കും, എന്റെ ജനം എന്റെ നന്മകൊണ്ട് തൃപ്തി പ്രാപിക്കും എന്നു യഹോവയുടെ അരുളപ്പാട്. കരയാതെ നിന്റെ ശബ്ദവും കണ്ണുനീർ വാർക്കാതെ നിന്റെ കണ്ണും അടക്കിക്കൊൾക. നിന്റെ പ്രവൃത്തിക്കു പ്രതിഫലമുണ്ടാകും " (യിരെ. 31:13)

2020 ആഗസ്റ്റ് മാസം നമ്മെ വിട്ട് കടന്നുപോയി. സെപ്റ്റംബർ മാസത്തിലേക്ക് നാം കടന്നു വന്നിരിക്കുന്നു.

ദൈവം നല്ലവൻ കരുണയുള്ളവൻ ഈ ലോകം നാശത്തിലേയ്ക്ക് പൊയ്ക്കൊണ്ടിരിക്കുന്നു. അതിശയവും അത്ഭുതകരവുമായ വഴികളിലൂടെ പ്രവർത്തിക്കുവാൻ കഴിവുള്ളവനാണ് നമ്മുടെ ദൈവം. പ്രതികൂലങ്ങളെയും സങ്കടങ്ങളെയും ഉറപ്പോടും ധൈര്യത്തോടും കൂടെ നേരിടാൻ കർത്താവ് നിങ്ങൾക്ക് കൃപ നൽകും. നിങ്ങൾ സക്തിമേൽ ശക്തി പ്രാപിക്കും. ദൈവം നിങ്ങളുടെ ദീനരോദനം കേട്ട് അതിനെ സ്തുതിക്കുറവിടമാക്കിത്തീർക്കും. ദൈവത്തിന്റെ നാമമഹത്വത്തിനുവേണ്ടി നിങ്ങളുടെ ജീവിതത്തെ സമ്പൂർണ്ണമായി സമർപ്പിക്കാൻ നിശ്ചയമായും ദൈവം നിങ്ങൾക്കു കൃപ നൽകട്ടെ.

മാസികയുടെ പേരിലുള്ള ബാങ്ക് അക്കൗണ്ട് ചുവടെ ചേർക്കുന്നു. ബിന്ദു.എം ആഗമനദൂതൻ **IFSC code SBIN 0070028 A/c. No. 67342839891** സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യ എന്ന പേരിൽ മാസിക നടത്തിപ്പിനായുള്ള സംഭാവന ഡ്രാഫ്റ്റ്/ചെക്ക് എന്നിവ രജിസ്റ്റേഡായി അയക്കുക. അഡ്രസ് മാറ്റം ഉടനെ അറിയിക്കുക.

എല്ലാ മാസികാ മിത്രങ്ങളും ശരീരത്തിലും മനസ്സിലും ആത്മാവിലും ശുഭമായും സുഖമായും പുലരേണ്ടതിനായി പ്രാർത്ഥിക്കുന്നു.

മാസികയെക്കുറിച്ചുള്ള നിർദ്ദേശങ്ങളും അഭിപ്രായങ്ങളും കത്തുകൾ മുഖേനയോ ഇ-മെയിൽ വഴി അറിയുവാൻ ഞാൻ ആഗ്രഹിക്കുന്നു.

എന്ന് ക്രിസ്തുവിൽ എളിയ സഹോദരി,
ബിന്ദു.എം


# ആഗമനദൂതൻ

ബിന്ദു.എം
എഡിറ്റർ
Mob:8589901702

അഡ്വ.നോബിൾ
അസോസിയേറ്റ് എഡിറ്റർ
Mob: 9446590913, 9809882926
കരിത്തിലവിളാകം, ബിൻസി ഭവൻ, ആറാമട പി. ഒ.,
തിരുവനന്തപുരം - 695032
Mob:8589901702
**E-mail:bindhum1971@yahoo.in**

മാസിക ആവശ്യമുള്ളവർ ബന്ധപ്പെടുക

മാസികാപ്രവർത്തനത്തിനായി പ്രാർത്ഥിപ്പിൻ !

# വില്യംകേറി ഇന്ത്യയുടെ ആദ്യമിഷനറി

Part -4

By. F.Deaville Walker

ബാപ്റ്റിസ്റ്റ് മിഷനറി സൊസൈറ്റി ഇംഗ്ലണ്ടിൽ രൂപം എടുക്കുന്ന സമയം വരെ ലോകത്തെ എല്ലായിടവും പോയി സുവിശേഷം പ്രഘോഷിക്കണമെന്നുള്ള യേശു ക്രിസ്തുവിന്റെ ശിഷ്യഗണത്തോടുള്ള ആദൗത്യ നിർവ്വഹണ പ്രവർത്തനത്തിൽ വല്യം കേറിയുടെ ആദ്യകാലഘട്ടത്തിൽ അത്ര വലിയ താല്പര്യമില്ലാതെയും എതിർ പ്പിലുമായിരുന്നു. എന്നാൽ മെഡിക്കൽ ഡോക്ടറായ ജോൺ തോമസു കേറിയെ ഒരു മിഷമറിയായിട്ട് ഇഡ്യയിലേക്ക് അയക്കാമെന്നും എല്ലാ സഹായങ്ങളും ചെയ്തു തരാമെന്നു പറഞ്ഞപ്പോൾ ഉണ്ടായ സന്തോഷം എത്ര വലുതായിരുന്നു.

മൂന്നു നാലു മാസത്തിനുവേണ്ടി 550 പൗണ്ടിന്റെ സാമ്പത്തിക സഹായം ഒരു തരത്തിൽ ലഭിച്ചു. കേറിയാണെങ്കിൽ വളരെ സാമ്പത്തിക ബുദ്ധിമുട്ടിലും തോമസു വലിയ കടഭാരത്തിലുമായിരുന്നു. പലരും സാഹസികത നടത്തുവാൻ വൈമുഖ്യം ഉള്ളവരാണ്. എന്നാൽ ദൈവം വിശ്വസ്തനാണ്. എന്നാൽ വളരെ ആത്മാർത്ഥതയോടുള്ള കേറിയുടെയും തോമസിന്റെയും സുഹൃത്തുക്കളുടെ പ്രയത്നത്താൽ അവർക്കുള്ള സാമ്പത്തികം ഉണ്ടാക്കുവാൻ കഴിഞ്ഞു.

അടുത്ത പ്രശ്നം അഭിമുഖീകരിച്ചത് യാത്രയോടുള്ള കാര്യമാണ്. ഈസ്റ്റ് ഇഡ്യ കമ്പിനി ഇഡ്യയിലേക്കുള്ള എല്ലാ യാത്രക്കാരേയും നിയന്ത്രിച്ചും കാരണം അവർ മിഷനറിമാരോടും എതിർപ്പുള്ളവരായിരുന്നു എന്നാണ് അറിഞ്ഞിരുന്നത്. കമ്പനിയുടെ ലൈസൻസ് ഇല്ലാത്തവരെ ക്രിമിനൽ കുറ്റക്കാരാക്കി തീർത്തു ബ്രിട്ടീഷ് പാർലമെന്റ് ഇവർക്ക് ലൈസൻസ് ഇല്ലായിരുന്നു. എന്നാൽ കേറിയും തോമസും ജോൺ ന്യൂട്ടൺ പറഞ്ഞതുപോലെ ദൈവത്തിനു ഇവരിൽ കൂടി എന്തെങ്കിലും ചെയ്യാൻ ഉണ്ടെങ്കിൽ, തീർച്ചയായിട്ടും കർത്താവു അവർക്കായി പ്രവർത്തിച്ചു. അങ്ങനെ ലൈസൻസ് കൂടാതെ കപ്പൽ യാത്രയ്ക്കായിട്ട് തയ്യാർ ചെയ്തു.

ഇത് മാത്രമല്ലായിരുന്നു തന്റെ പ്രശ്നങ്ങളും തന്റെ ഗർഭിണിയായ ഭാര്യ ഡോറോത്തിയെയും മൂന്ന് ആൺ കുഞ്ഞുങ്ങളെ നാട്ടിൽ ഇട്ടിട്ട് ഇഡ്യയിലേയ്ക്ക് പോകുന്നത് അവന് വലിയ വിഷമമായി.

എന്നാൽ കേറിയെ ഭരിച്ചത് ദൈവം തന്നെ ഇഡ്യയുടെ മിഷനറി ആയി വിളിച്ചിരിക്കുകയാണ്. ആ വിശുദ്ധ വിളിയെ അനുസരിക്കുക മാത്രം. അവരും അറിയാമായിരുന്നു. പട്ടാളക്കാരും, ഉദ്യോഗസ്ഥരും, കച്ചവടക്കാരുമെല്ലാം അന്യരാജ്യങ്ങളിലേയ്ക്കു പോകേണ്ടി വരുമ്പോൾ, അവരുടെ കുടുംബങ്ങളെയും പ്രിയപ്പെട്ടവരെയുമെല്ലാം സ്വന്തദേശത്തു വിട്ടേക്കണം എന്നത്, ദൈവരാജ്യത്തിനുവേണ്ടി അവരും ഇതുപോലെ ഒരു ത്യാഗത്തിനു വേണ്ടി തയ്യാറായി. അവൻ തീരുമാനിച്ചു ഇപ്പോൾ ഞാൻ തനിയെ ഇഡ്യയിലേയ്ക്കു പോകാം. അവിടെ മിഷനറി പ്രവർത്തനം തുടങ്ങാം. പിന്നീട് തിരികെ വന്നു തന്റെ പ്രിയപ്പെട്ടവരെ ചേർത്തുകൊള്ളാമെന്നു.

**കപ്പൽ യാത്രയ്ക്കു തയ്യാറായി, എന്നാൽ ഒരു തിരിച്ചടി.**

കേറിയും, തോമസും കൂടി കപ്പൽ ക്യാപ്റ്റനോടു സംസാരിച്ചപ്പോൾ വളരെ കർശനമായിട്ട് ക്യാപ്റ്റൻ പറഞ്ഞു. കമ്പനിയുടെ അനുവാദം (ലൈസൻസ്) ഇല്ലാതെ യാത്രക്കാരെ ഇഡ്യയിലേക്കു കൊണ്ടുപോകാൻ സാദ്ധ്യമല്ലെന്നും എന്നാൽ തോമസ് സർജൻ ആയിട്ടു ജോലി നോക്കികൊണ്ടിരുന്ന സ്ഥലത്തുള്ളവർ വേറൊരു യാത്ര പദ്ധതിയിട്ടു. അങ്ങനെ ക്യാപ്റ്റൻ ഇവരെ കൽക്കട്ടയിലേയ്ക്ക് എന്തു കഷ്ടപ്പാടു സഹിച്ചുകൊണ്ടുപോകാൻ സമ്മതനായി.

കേറിയും തന്റെ 8 വയസ്സു പ്രായമുള്ള മകനും ഡോ.തോമസ് ദമ്പതികളും അവരുടെ പെൺമക്കളും ഇഡ്യയിലേയ്ക്കുള്ള കപ്പലിൽ കയറിയ ആ സമയത്തിലെ സന്തോഷം പറഞ്ഞറിയിക്കാൻ പറ്റാത്തതായിരുന്നു. എന്നാൽ വളരെ കഷ്ട

(ശേഷം 4-ാംപേജിൽ)

## രക്ഷിക്കപ്പെടുവാൻ എന്തു ചെയ്യണം

| | |
|---|---|
| അംഗീകരിക്കുക | *ഒരു വ്യത്യാസവുമില്ല എല്ലാവരും പാപം ചെയ്ത് ദൈവതേജസ്സ് ഇല്ലാത്തവരായി ത്തീർന്നു (റോ.3:23)* |
| പശ്ചാത്തപിക്കുക | *അല്ലല്ല, മാനസാന്തരപ്പെടാഞ്ഞാൽ നിങ്ങൾ എല്ലാവരും അങ്ങനെ തന്നെ നശിച്ചുപോകും (ലൂക്കൊ. 13;3)* |
| ഏറ്റുപറയുക | *നമ്മുടെ പാപങ്ങളെ ഏറ്റു പറയുന്നു എങ്കിൽ യേശു നമ്മോട് പാപങ്ങളെ ക്ഷമിച്ച് സകല അനീതിയും പോക്കി നമ്മെ ശുദ്ധീകരിക്കുവാൻ തക്കവണ്ണം വിശ്വസ്തനും നീതിമാനും ആകുന്നു (1യോഹ. 1:9)* |
| ഉപേക്ഷിക്കുക | *ദുഷ്ടൻ തന്റെ വഴിയെയും നീതികെട്ടവൻ തന്റെ വിചാരങ്ങളെയും ഉപേക്ഷിച്ച് യഹോവയിങ്കലേക്ക് തിരിയട്ടെ. അവൻ അവനോട് കരുണ കാണിക്കും. നമ്മുടെ ദൈവത്തിങ്കലേക്ക് തിരിയട്ടെ. അവൻ ധാരാളം ക്ഷമിക്കും.* |
| ശുദ്ധീകരിപ്പെടുക | *അവന്റെ പുത്രനായ യേശുവിന്റെ രക്തം സകല പാപം പോക്കി നമ്മെ ശുദ്ധീകരിക്കുന്നു (1യോഹ. 1:7).* |
| വിശ്വസിക്കുക | *തന്റെ ഏകജാതനായ പുത്രനിൽ വിശ്വസിക്കുന്ന ഏവനും നശിച്ചുപോകാതെ നിത്യജീവൻ പ്രാപിക്കേണ്ടതിന് ദൈവം അവനെ നൽകുവാൻ തക്കവണ്ണം ലോകത്തെ സ്നേഹിച്ചു. (യോഹന്നാൻ 3:16)* |
| സമർപ്പിക്കുക | *ദൈവത്തിന്റെ ദാനമായി നിങ്ങളിൽ ഇരിക്കുന്ന പരിശുദ്ധാത്മാവിന്റെ മന്ദിരമാകുന്നു നിങ്ങളുടെ ശരീരം എന്നും നിങ്ങളെ വിലക്ക് വാങ്ങിയിരിക്കുകയാൽ നിങ്ങൾ താന്തങ്ങൾക്കുള്ളവരല്ല എന്നും അറിയുന്നില്ലയോ? ആകയാൽ ശരീരം കൊണ്ട് ദൈവത്തെ മഹത്വപ്പെടുത്തുവിൻ. (1കൊരി.6:19,20)* |
| പ്രാപിച്ചെടുക്കുക | *യേശുവിനെ കർത്താവെന്ന് വായ്കൊണ്ട് ഏറ്റുപറകയും ദൈവം അവനെ മരിച്ചവരിൽ നിന്ന് ഉയിർത്തെഴുന്നേല്പിച്ചു എന്ന് ഹൃദയം കൊണ്ട് വിശ്വസിക്കുകയും ചെയ്താൽ നീ രക്ഷിക്കപ്പെടും. ഹൃദയം കൊണ്ട് നീതിക്കായി വിശ്വസിക്കുകയും വായ്കൊണ്ട് രക്ഷയ്ക്കായി ഏറ്റു പറയുകയും ചെയ്യണം (റോമ.10:9,10)* |

മെന്നു പറയട്ടെ ചില ആഴ്ചകൾ കപ്പൽ യാത്ര ചെയ്യാതെ ഇംഗ്ലണ്ടിലെ ആ ദ്വീപിൽ നങ്കൂരം അടിച്ച് കിടക്കേണ്ടി വന്നു. ഈ സമയത്ത് കപ്പൽ ക്യാപ്റ്റൻ ആരെ അയച്ച ഒരു കത്തിൽ വായിച്ചു കമ്പനിയുടെ അനുവാദം കൂടാതെ യാത്രക്കാരെ കപ്പലിൽ കടത്തരുതെന്നു. തന്റെ ക്യാപ്റ്റൻ ജോലി പോകുമെന്നു പേടിച്ച് മിഷ.നറിമാരെ കപ്പലിൽ നിന്നു പുറത്താക്കാമെന്നു തീരുമാനിച്ചു. കേറിയെ കപ്പലിൽ നിന്നു ഇറക്കി വിടുകയും ഡോ.തോമസും കുടുംബവും കപ്പൽ യാത്ര തുടരുകയും ചെയ്തു.

അങ്ങനെ വളരെ ദു:ഖത്തോടെയും കണ്ണുനീരിൽ അദ്ദേഹം തന്റെ മിഷനറി സൊസൈറ്റിയിലുള്ള സുഹൃത്തുക്കൾക്ക് ഇങ്ങനെ എഴുതി ഇപ്പോഴെല്ലാം നിഗൂഢമായ സാഹചര്യങ്ങളിൽ ഞാൻ പോകേണ്ടി വന്നാലും, എനിക്ക് ഒരു സംശയവും ഇല്ല ദൈവത്തിന്റെ എന്തോ വലിയ പദ്ധതി ഇതിൽ ഉണ്ട്. അതുകൊണ്ട് അവർ ഇതെല്ലാം ചെയ്യേണ്ടി വന്നത്. ആ ഇരുണ്ട സമയത്ത് തന്റെ ആ വലിയ അറിവായിരുന്നു. ദൈവം ഈ ദൗത്യ നിർവ്വഹണത്തിലേയ്ക്ക് തന്നെ വിളിച്ചുവെന്നുള്ള ഒരു ഉത്തമ ബോദ്ധ്യം.

## വിശ്വാസം അംഗീകരിക്കപ്പെടുന്നു

കേറിയുടെ വിശ്വാസം അംഗീകരിക്കപ്പെടുന്നു. ആ സമയത്ത ഗർഭിണിയായ തന്റെ പ്രിയ ഭാര്യ പ്രസവിക്കുകയും പുതിയ ആൺകുഞ്ഞിനെ കൊണ്ട് ഇന്ത്യയിലേക്ക് വരുവാൻ സമ്മതം അറിയിക്കുകയും ചെയ്തു. അങ്ങനെ വീണ്ടും സാമ്പത്തിക കാര്യങ്ങൾ ക്രമീകരിക്കപ്പെടുകയും ഒരു ഡാനിഷ് കപ്പൽ ഇവരെ സ്വീകരിക്കുവാനും ഒരുക്കമായി. അങ്ങനെ 1793 ജൂൺ 13-ാം തീയതി കേറിയും ഭാര്യ ഡോറോത്തി കേറിയും ഇന്ത്യയിലേക്കു യാത്ര തിരിക്കുകയും പിന്നീട് അവർ സ്വന്ത നാട്ടിലേക്കു തിരികെ പോകുകയും ചെയ്തില്ല.

കപ്പലിലെ നീണ്ട അഞ്ച് മാസത്തെ യാത്ര തന്റെ നാല് കുഞ്ഞുങ്ങളെ കൂട്ടിയുള്ളത് വളരെ ക്ലേശകരമായിരുന്നെങ്കിലും ഇതിലെ ക്യാപ്റ്റൻ ഇവർക്കു വളരെ സാഹയകമായി. കർത്താവ് ഒരുക്കി. കേറിയുടെയും കുടുംബത്തിന്റെയും ഇന്ത്യയിലേയ്ക്കുള്ള യാത്രയുടെ ലക്ഷ്യം മനസ്സിലാക്കിയ ക്യാപ്റ്റൻ ക്രിസ്തമസ് കപ്പലിന്റെ അമരത്ത് തന്നെ അവർക്കുള്ള താമസ സൗകര്യം ഒരുക്കി കൊടുക്കുകയും തന്റെ കൂടെ ഭക്ഷണത്തിന് ക്ഷണിക്കുകയും ചെയ്തു. അങ്ങനെ അദ്ദേഹം കേറിയുടെയും കുടുംബത്തിന്റെയും ഒരു വിശ്വസ്ത സുഹൃത്തായിമാറി.

ചിലപ്പോൾ ആഞ്ഞടിച്ചു കൊടുങ്കാറ്റും, ശാന്തമായ കാറ്റുകളും അവരുടെ ഇന്ത്യയിലേക്കുള്ള യാത്രയെ ദീർഘപ്പിച്ചു. ഈ കപ്പൽ യാത്രയിൽ തന്നെ ബംഗാളി ഭാഷ പഠിക്കുവാൻ തീരുമാനിച്ചു. ഡോ. തോമസിനു ഈ ഭാഷയെ കുറിച്ചു അറിയാമായിരുന്നു. ഏകദേശം ഒരു മാസത്തോളം കൽക്കട്ടയിൽ നിന്ന് 200 മൈൽ ദൂരത്തായി അവർക്കു കപ്പലിൽ ചിലവിടേണ്ടി വന്നു. അങ്ങനെ നവംബർ 11-ാം തീയതി 1793-ൽ കേറി കൽക്കത്തയിൽ ഇറങ്ങുകയും തന്റെ ജീവിതത്തിൽ കൂടി എന്താണ് ചെയ്യേണ്ടത് അത് തുടങ്ങുകയും ചെയ്തു.

## പരിശോധനകൾ

ഇന്ത്യയിലെ ആദ്യത്തെ മാസങ്ങൾ വളരെ ബുദ്ധിമുട്ട് നിറഞ്ഞതായിരുന്നു. ഡോ. തോമസ് തന്റെ പക്കലുണ്ടായിരുന്ന പൈസയെല്ലാം ഒരു പാർട്ടി നടത്തുവാനായി ചെലവാക്കി. ചില കുടുംബാംഗങ്ങൾക്കു രോഗം ബാധിച്ചു. ഇന്ത്യയെക്കുറിച്ചുള്ള ശരിയായ അറിവു ഇല്ലായ്മയായും അപരിചിത്വവും മിസ്സിസ് കേറിയിലും അവളുടെ സഹോദരിയിലും ഞങ്ങളോടു കൂടി ചേരുന്നതിന്റെ അവസാന സമയത്ത് ചില ബുദ്ധിമുട്ടുകൾ ഉണ്ടാക്കി ഇംഗ്ലണ്ടിൽ ഭയങ്കര ചൂടുള്ള സമയമായിരുന്നു അപ്പോൾ. കൊതുകിന്റെ ശല്യം ഉഗ്രവിഷമുള്ള പാമ്പുകൾ, കടുവകൾ, മുതലകൾ, മറ്റുള്ള വന്യമൃഗങ്ങൾ ഇതെല്ലാം അവർക്ക് ഈ നാട്ടിലേക്കുള്ള യാത്രയുടെ അപകടം വർദ്ധിപ്പിച്ചു. ഇതെല്ലാം ഒരു ബാധയായിട്ട് തന്നെ നിരാശപ്പെടുത്തിയെങ്കിലും അവസാനം കേറി ഇങ്ങനെ എഴുതി.

ലോകം ചെറുതാകുന്നു; വാഗ്ദത്തങ്ങൾ വലുതാകുന്നു. ദൈവം വേണ്ടുവോളം ഓഹരിയും ഉള്ളവനാണ്. അവന് സന്തോഷവും ധൈര്യവും പ്രാപിക്കപ്പെടും.

അമേരിക്കൻ ഇന്ത്യക്കാരുടെ ജയിൽ പ്രവർത്തിച്ച ഡേവിഡ് ബ്രെയ്നാഡ് നെകുറിച്ചുള്ള പുസ്തകം വീണ്ടും വീണ്ടും വായിച്ച് കേറി വളരെ പ്രചോദിക്കപ്പെട്ടു.

കേറിയുടെ വലിയ ആഗ്രഹമായിരുന്നു സ്വന്ത അദ്ധ്വാനത്താൽ മിഷനറി പ്രവർത്തനം ഇന്ത്യയിൽ നടത്തണമെന്നുള്ളത്. ആ സമയത്ത് ഒരു ക്രിസ്ത്യാനിയായ ഒരു വെള്ളക്കാരൻ തന്റെ ഇൻഡിഗോ ഫാക്ടറിയുടെ മാനേജർ തസ്തികയിലേക്കു നിയമനം നടത്തുകയും ചെയ്തതു കേറിയ്ക്കു വലിയ സന്തോഷമുളമാക്കി. ഒരു അധിക വരുമാനം ഇത് കൂടുതൽ ഇന്ത്യക്കാരുമായിട്ടു കേറിക്കു ഇടപ്പെടുവാൻ അവസരം ഉണ്ടാക്കികൊടുത്തു. ഈ അടുപ്പം ഇന്ത്യയുടെ ഭാഷയെ കുറിച്ചും ഇവിടുത്തെ വിശ്വാസങ്ങളെക്കുറിച്ചു അല്പമല്ലാത്ത അറിവും കിട്ടി.

അവരുടെ അഞ്ച് വയസ്സു പ്രായമുണ്ടായിരുന്ന മകൻ പനിയും ശക്തമായ വയറുകടിയും ബാധിക്കപ്പെടുകയും മരണപ്പെടുകയും ചെയ്തതു ആദ്യ മാസങ്ങളിലെ ഇന്ത്യയിൽ താമസസമയത്തു അവർ അനുഭവിച്ച വലിയ കഷ്ടതയായിരുന്നു. അപ്പനും അമ്മയും ഒരു പോലെ തളർന്നവരും കിടക്കയിൽ നിന്നു എഴുന്നേറ്റു കുഴിമാടത്തിന്റെ അരികെ നില്ക്കുവാൻപോലും ബലമില്ലാത്തവരായിരുന്നു. ഇന്ത്യാ സുവിശേഷീകരണത്തിനു കൊടുക്കേണ്ടുന്ന വില എന്താണെന്നുള്ള ചിന്തയായിരുന്നു അന്ന് ആ മനസ്സിൽ.

## നേട്ടങ്ങളുടെ തുടക്കം

ഇന്ത്യയിൽ എത്തിച്ചേർന്ന ഒരു വർഷത്തിനുള്ളിൽ വില്യം കേറി ബംഗാളി ഭാഷയിൽ സുവിശേഷത്തിന്റെ ചില ഭാഗങ്ങൾ തർജ്ജമ ചെയ്തു കഴിഞ്ഞിരുന്നു. രണ്ടു വർഷത്തിനുള്ളിൽ 2-600 ആൾക്കാരുടെ കൂട്ടത്തിൽ ബംഗാളി ഭാഷയിൽ വളരെ ഒഴുക്കോടും സുവിശേഷം പ്രസംഗിക്കുവാനും കഴിഞ്ഞു. മുസ്ലീങ്ങൾക്കും ഹിന്ദുക്കളുമായ പ്രീയപ്പെട്ടവർ കർത്താവിനെ സ്വന്ത രക്ഷിതാവായിട്ട് സ്വീകരിച്ചു. എന്നാൽ കേറി തൃപ്തനല്ലായിരുന്നു.

അവന്റെ പരിശ്രമം ദൈവത്തിനുവേണ്ടി വലുതു ചെയ്യുക എന്നതായിരുന്നു. ഈ മനോഭാവത്തിൽ മിഷനറി സൊസൈറ്റിയോട് കൂടുതൽ വേലക്കാരെ അയക്കുവാൻ പ്രോത്സാഹിപ്പിച്ചു. ❖

(1-ാംപേജിന്റെ തുടർച്ച)

**ആത്മാവിനാലുള്ള ശുദ്ധീകരണം**

ബാൽ പോലുള്ള ഒരു അന്യ ദൈവത്തിന്റെ ശക്തി തന്റെ ദൈവമായ യഹോവയുടെ മുമ്പാകെ തെളിയിക്കുവാൻ മറ്റുള്ളവരെ അവൻ വെല്ലു വിളിക്കുകയാണ് ചെയ്യുന്നത്. ഈ പരീക്ഷണം ഇവിടെ വളരെ ഉത്തമമാണ്. കാരണം, ബാൽ എന്ന ദേവൻ അഗ്നിയുടെ ദേവൻ എന്നാണ് അറിയപ്പെടുന്നത്. അതുകൊണ്ട് തന്റെ ശക്തി വെളിപ്പെടുത്തേണ്ടത് വളരെ ആവശ്യമായിരുന്നു. " അഗ്നി കൊണ്ട് ഉത്തരം അരുളുന്നവനാണ് ദൈവം " (1രാജാ. 18:24). ഇതായിരുന്നു ഏലിയാവിന്റെ ആവശ്യം. "യഹോവ ദൈവം എങ്കിൽ അവനെ അനുഗമിപ്പിൻ. ബാൽ എങ്കിലോ അവനെ അനുഗമിപ്പിൻ എന്നു പറഞ്ഞു " (വാക്യം 21). നിർണ്ണായകമായ സമയം വന്നിരിക്കുന്നു. ഒന്നിനെ സ്വീകിരിക്കുവാനും, മറ്റേതിനെ ഉപേക്ഷിക്കുവാനും

## അഗ്നിയുടെ പ്രാധാന്യം

ദൈവം അഗ്നിയിൽ ഇറങ്ങി വന്നു. അഗ്നിയിൽ വെളിപ്പെടുന്ന ദൈവം യിസ്രായേലിനു നഷ്ടപ്പെട്ടിട്ടില്ല. യിസ്രായേലിന്റെ ചരിത്രത്തിൽ ഓർക്കുവാൻ ധാരാളം സമയങ്ങളുണ്ട്. അഗ്നിയിൽ ഇറങ്ങി വരുന്ന യഹോവയായ ദൈവത്തെക്കുറിച്ചും.

കത്തിയെരിയുന്ന മുൾപടർപ്പിൽ മോശെക്കു യഹോവയായ ദൈവം വെളിപ്പെടുത്തുന്നത്. " അവിടെ യഹോവയുടെ ദൂതൻ ഒരു മുൾപ്പടർപ്പിന്റെ നടുവിൽ നിന്നും അഗ്നി ജ്വാലയിൽ നിന്നും പ്രത്യക്ഷനായി. അവൻ നോക്കിയാറെ മുൾപ്പടർപ്പു തീ പിടിച്ചു കത്തുന്നതും മുൾപടർപ്പു വെന്തുപോകാതിരിക്കുന്നതും കണ്ടു. ദൈവം മുൾപടർപ്പിന്റെ നടുവിൽ നിന്നു അവനെ മോശെ,മോശെ എന്നു വിളിച്ചു" (പുറ. 19:18). രാത്രിയിൽ സമാഗമന കൂടാരത്തിന്റെ മുകളിൽ ആകാശത്ത് ചിറകടിച്ച് അഗ്നിയിൽ സ്ഥിതിചെയ്യുന്ന ഒരു ദൈവിക വെളിപ്പെടുത്തലുകളാണ് യിസ്രായേൽ ജനത്തിന്റെ മദ്ധ്യേ നമുക്ക് കാണാൻ കഴിയുന്നത്. മേഘം സമാഗമനകൂടാരത്തിന്മേൽ അഗ്നിവസിക്കുകയും യഹോവയുടെ തേജസ്സു തിരുനിവാസത്തെ നിറയ്ക്കുകയു ചെയ്തതുകൊണ്ടു മോശെക്കു അകത്തുകടപ്പാൻ കഴിഞ്ഞില്ല. യിസ്രായേൽ മക്കൾ തങ്ങളുടെ സകല പ്രയാണങ്ങളിലും അവരെല്ലാവരും കാൺകെ പകൽസമയത്തു തിരുനിവാസത്തിന്മേൽ യഹോവയുടെ മേഘവും രാത്രി സമയത്തു അതിൽ അഗ്നിയും ഉണ്ടായിരുന്നു (പുറ. 40: 35,38). ദേവാലയത്തിന്റെ പ്രതിഷ്ഠാസമയത്തു ഇതുപോലെയുള്ളൊരു വെളിപ്പെടുത്തൽ ഉണ്ടായിരുന്നു. " ശലോമോൻ പ്രാർത്ഥിച്ചു കഴിഞ്ഞപ്പോൾ ആകാശത്തുനിന്നും തീ ഇറങ്ങി ഹോമയാഗവും ഹനനയാഗവും ദഹിപ്പിച്ചു. യഹോവയുടെ തേജസ്സും ആലയത്തിൽ നിറഞ്ഞു " (2 ദിന.7:1). അഗ്നിയുടെ സാന്നിദ്ധ്യം ദൈവത്തിന്റെ സാന്നിദ്ധ്യത്തെയാണ് വെളിപ്പെടുത്തുന്നത്.

പഴയനിയമത്തിൽ ഇപ്രകാരമാണ് അഗ്നിയുടെ പ്രധാന്യം നമ്മൾ കാണുന്നത്. എന്നാൽ ഇന്ന് എന്താണ് ഇത് അർത്ഥമാക്കുന്നത്? പുതിയ നിയമത്തിൽ ഇത് പരിശുദ്ധാത്മാവിന്റെ ശക്തിയേയും സാന്നിദ്ധ്യത്തെയും ദൃഷ്ടാന്തമായി വെളിപ്പെടുത്തുന്നു. മശിഹായുടെ ശുശ്രൂഷയെ വിളിച്ചു പറയുന്ന യോഹന്നാൻ സ്നാപകന്റെ വാക്ക് ശ്രദ്ധിപ്പിൻ. "അവൻ നിങ്ങളെ പരിശുദ്ധാത്മാവിലും തീയിലും സ്നാനം ഏല്പിക്കും " (മത്താ. 3:11). അവന്റെ പ്രവചനം നവർത്തീകരിക്കപ്പെടും. "പെന്തക്കോസ്തു ദിനത്തിൽ കൂടിയിരുന്ന ശിഷ്യന്മാരുടെ മേൽ ഈ പരിശുദ്ധാത്മാവ് പ്രത്യകഷപ്പെട്ടു. അഗ്നിജ്വാല പോലെ പിളർന്നരിക്കുന്ന നാവുകൾ അവർക്കു പ്രത്യക്ഷമായി. അവനിൽ ഓരോരുത്തന്റെമേൽ പതിഞ്ഞു". (അപ്പോ. 2:3). ഈ കാലഘട്ടത്തിൽ പരിശുദ്ധാത്മാവിന്റെ പ്രവർത്തനം ഇങ്ങനെ കാണാൻ കഴുയുന്നു.

ഏലിയാവിന്റെ സമയത്ത് യഹോവയുടെ യാഗപീഠത്തിൽ നിന്ന് വിശുദ്ധ അഗ്നി അപ്രത്യക്ഷമാകുകയും ബാലിന്റെ യാഗപീഠത്തിൽ അഗ്നി ഉയരുകയും ചെയ്തു. കൊണ്ടിരുന്നു. അന്യമായ യഹോവയുടെ മഹത്വം ആ കാലഘട്ടത്തിൽ ആർക്കും മടക്കി വരുത്താൻ കഴിഞ്ഞില്ല. അനന്തരം അഹരോന്റെ പുത്രന്മാരായ നാദാബും അബീഹൂവും ഓരോ ധൂപകലശം എടുത്തു അതിൽ തീ ഇട്ടു അതിന്മേൽ ധൂപവർഗ്ഗവും ഇട്ടു, അങ്ങനെ തങ്ങളോടു കല്പിച്ചതല്ലാത്ത അന്യാഗ്നി യഹോവയുടെ സന്നിധിയിൽ കൊണ്ടുവരും" (ലേവ്യ. 10:1). യഹോവയുടെ സന്നിധിയിൽ പാപം ചെയ്തതിനാൽ അവർ മരിച്ചു, അതെ യഥാർത്ഥ ദൈവമായ യഹോവയുടെ അഗ്നി പകരമായിട്ട് മറ്റൊന്നുമില്ല.

ഇന്ന് നമ്മൾ അഭിമുഖീകരിക്കുന്ന വലിയ പ്രശ്നം എന്താണെന്നാൽ സഭയിൽ ദൈവത്തിന്റെ ഈ അഗ്നിയുടെ ശക്തിയുള്ള പ്രവർത്തനമോ വെളിപ്പെടലുകളോ, ക്രിസ്ത്യാനികളിൽ യഥാർത്ഥ ദൈവീക വചനത്തിന്റെ അടിസ്ഥാനത്തിലുള്ള ജീവിതമോ ഇല്ല എന്നുള്ളതാണ്. നമ്മുടെ ജീവിതം അഗ്നി സ്പർശിച്ചിട്ടില്ലാത്തതാണ്. ഇന്ന് നമ്മുടെ ജനത്തിന്റെ ഇടയിൽ ആത്മീക പോരാട്ടത്തിന്റെ ഒരു കണിപോലും ഇല്ലെന്നുള്ളതാണ് വാസ്തവം. നഷ്ടപ്പെട്ടു പോകുന്ന ലോകത്തിൽ ദൈവാഗ്നിയുടെ അഭാവം ഗുരുതരമായ ഒരു വസ്തുതയാണ്. ശരിയായ ഒരു ക്രമീകരണം ഉണ്ടായിരുന്നില്ല. ഒരു നല്ല പണ്ഡിതോചിതമായ മന്ത്രാലയമോ, വിഭവങ്ങളുടേയോ ആൾക്കാരുടെയോ നല്ല ആധുനിക സാങ്കേതിക വിദ്യകളോ ഇല്ലായിരുന്നു. എന്നിട്ടും നമ്മുടെ ഒരു ചെറിയ പ്രാർത്ഥനയ്ക്കു ഭയങ്കരദു:ഖത്തിൽ ആയിരിക്കുന്ന ലോകത്തിന്റെ സാന്ത്വനത്തിനായിട്ടു മാറുന്നു. ഇതായിരിക്കട്ടെ നമ്മുടെ പ്രാർത്ഥന. അല്ലയോ ദൈവമേ, അവിടുത്തെ ആത്മ അഗ്നി അയച്ചാലും ഈ സമയത്ത് ഇതിനേക്കാൾ അനിവാര്യമായിരിക്കുന്നത് വേറെ എന്താണ്.

## അഗ്നി ഇറങ്ങുന്നു

ഉടനെ യഹോവയടുടെ തീ ഇറങ്ങി. (1രാജാ. 18:38). കർമ്മേൽ മലയിൽ തീ ഇറങ്ങിയതോടുകൂടി നാടകീയമായ ഈ രംഗത്തിന് തിരശ്ശീല വീഴുകയാണ്. ഇതിനായിട്ട് (യഹോവയുടെ അഗ്നി) മറ്റുള്ള എല്ലാ കാര്യങ്ങളും നേരത്തെ ക്രമീകരിക്കപ്പെട്ടിരിക്കുന്നു. ഇതിൽ കൂടി നമ്മൾക്ക് പഠിക്കുവാൻ കഴിയുന്ന ഏറ്റവും വലിയ പാഠം എന്താണ്. ഇതിന്റെ അടിസ്ഥാനപരമായ കാര്യങ്ങൾ നമ്മൾ കണ്ടു പിടിക്കുവാൻ ശ്രമിച്ചാൽ, നന്മകൾക്ക് കണ്ട് പിടിക്കാൻ കഴിയും. ആത്മീകമായ ഒരു വലിയ ഉണർവ്വിന്റെ ഉറവിടവും

( ശേഷം 7-ാം പേജിൽ)

(6-ാംപേജിന്റെ തുടർച്ച)

**ആത്മാവിനാലുള്ള ശുദ്ധീകരണം**

അപ്പോൾ തീ ഇറങ്ങി.... എപ്പോൾ?

ദേശീയമായ ഒരു മതഭ്രംശം നടന്ന സമയത്താണ് തീ ഇറങ്ങുന്നത്. യഹോവയുടെ നാമത്തിലൂള്ള ആരാധന ഇല്ലാതിരുന്ന സമയം, ബാലിന്റെ പേരിലുള്ള ആരാധന വളരെ കൂടുതലായിരുന്ന സമയം. ആത്മീക അന്ധകാരം മുഴു രാജ്യത്തെയും മൂടിയിരുന്ന സമയം. പല കാര്യങ്ങളിലും മുഴുകിപ്പോയ സമയത്തു ദൈവീക വാഗ്ദത്തങ്ങളും അനുഗ്രഹങ്ങളും അവിടുന്ന് നല്കുന്നതിൽ ഒരു പരിധിയുമില്ലായിരുന്നു. ഇരുൾ വളരെ ഭയാനകമായ സമയത്ത്, വെളിച്ചം വളരെ ആവശ്യമാണ്. ആർക്കു നമ്മുടെ ഈ കാലഘട്ടത്തിലെ അന്ധകാരം മാറ്റുവാൻ കഴിയുകയില്ല. പൈശാചിക ശക്തി എല്ലായിടവും വ്യാപിച്ചിരിക്കുന്നു. അതെ ബാലിന്റെ മുമ്പിൽ മുഴങ്കാൽ മടക്കാത്ത വേറെ ഏഴായിരം പേർ ഉള്ളപ്പോൾ സഭയ്ക്കുള്ള ഉത്തരവാദിത്വം ചെയ്യട്ടെ.

തീ ഇറങ്ങി ഏലീയാവ് യാതൊരു മടിയും കൂടാതെ ദൈവത്തിന്റെ വചനം അനുസരിച്ചപ്പോൾ ഏലിയാവിനോടു ദൈവം നേരത്തെ പറഞ്ഞു. "കെരീത്തുതോട്ടിനരികെ ഒളിച്ചിരിക്ക അങ്ങനെ അവൻപോയി യഹോവയുടെ കല്പന പ്രകാരം ചെയ്തു" (1രാജാ. 17:3,5). ഇപ്പോൾ യഹോവയുടെ കല്പന വീണ്ടും അവന്റെ മേൽ വന്നു. നീ ചെന്നു ആഹാബിനും നിന്നെത്തന്നേ കാണിക്ക; ഞാൻ ഭൂതലത്തിൽ മഴ പെയ്യിപ്പാൻ പോകുന്നു എന്നു പറഞ്ഞു (1 രാജാ 18:1). ഇവിടെ തന്റെ ശത്രുവായ ആഹാബിനെ കാണുവാൻ എങ്ങനെയാണ് കഴിയുന്നത്. മൂന്ന് വർഷങ്ങളായിട്ട് നിന്നെ തകർക്കുവാൻ പിൻതുടർന്ന ആഹാബ്. ആഹാബിന് ഒരിക്കലും മറക്കാൻ കഴിയുകയില്ല. ഏലിയാബിന്റെ പ്രാർത്ഥനയും, ആകാശം അടഞ്ഞതും മഴ പെയ്യാതിരുന്നതും രാജ്യത്തു ക്ഷാമവും വരൾച്ചയും ഉണ്ടായി. തന്നോടു ദേശത്തെ വരൾച്ച മാറുന്നതിന്റെ മുമ്പെ ഏലിയാവു യഹോവയുടെ വചനം അനുസരിക്കണം.

യഹോവ തന്നോടു ഒളിച്ചിരിക്കുവാൻ പറഞ്ഞപ്പോൾ തന്നെ, തന്റെ അനുസരണം വെളിവാക്കുന്നു. ഏലിയാവ് ആഹാബിനു തന്നേത്താൻ കാണിപ്പാൻ പോയി... (1രാജാ. 18:2). തീ ഇറങ്ങിയതും മഴ വരുന്നതുമെല്ലാം ഏലിയാവിന്റെ അനുസരണത്തിന്റെ നേരിട്ടുള്ള ഫലവും, ആഹാബിന്റെ ആത്മീകവും ധാർമ്മികവുമായ തിന്മയെ ചോദ്യം ചെയ്യുന്നതുമായിരുന്നു. ദൈവത്തെ അനുസരിക്കുവാൻ നമ്മൾക്കു താല്പര്യം ഇല്ലെങ്കിൽ നമ്മൾ ദൈവത്തെ അന്വേഷിച്ചതുകൊണ്ട് ഒരു ഫലവും ഇല്ല. നമ്മൾ ദൈവത്തെ അനുസരിക്കുന്നില്ലെങ്കിൽ അവിടുത്തെ അനുഗ്രഹം ലഭിക്കുകയില്ല.

തീ ഇറങ്ങിയത് തകർന്നു കിടന്ന യാഗപീഠം പുതുക്കി പണിതതിനുശേഷം അവൻ ഇടിഞ്ഞു കിടന്ന യഹോവയുടെ യാഗപീഠം നന്നാക്കി (1രാജാ 18:30). തകർന്നു കിടക്കുന്ന യാഗപീഠം ധാരാളം കാര്യങ്ങൾ സംസാരിക്കുന്നു. യാഗപീഠം ആരാധനയുടെ പ്രതികരണമാണ്. കർമ്മേൽ മലമുകളിൽ ദൈവജനത്തിനു വന്നു ചേരുവാനുള്ള സ്ഥലമായിരുന്നു. എന്നാൽ യാഗപീഠം തകരുകയും യഹോവയുടെ നാമത്തിലുള്ള ആരാധന നിന്നു പോകുകയും ചെയ്തു. തീ ഇറങ്ങുന്നതിനു മുമ്പു യാഗപീഠം പുതുക്കി പണിയണം. ഏലിയാവ് 12 കല്ലുകൾ എടുക്കുന്നു. വടക്കേ തെക്ക് രാജ്യങ്ങളുടെ ഇടയിലുള്ള ഭിന്നതയെ അവൻ ഓർക്കുന്നില്ല, യാഗപീഠം പുതുക്കി പണിതു. അവന്റെ വലിയ ലക്ഷ്യം രണ്ട് രാജ്യങ്ങളെയും ഒരുമിച്ച് നിർത്തുകയാണ് ഈ ആരാധനയിൽ കൂടി. ദൈവജനത്തിന്റെ ഇടയിൽ ഐക്യത വരുമ്പോൾ ദൈവം സ്വർഗ്ഗത്തിൽ തീ ഇറക്കുന്നു. തന്റെ ജനത്തെ അനുഗ്രഹിക്കുന്നു. നമ്മുടെ ജീവിതമാകുന്ന യാഗപീഠം അത് ഇപ്പോൾ ഏതെങ്കിലും കാരണവശാൽ തകർന്നു കിടക്കുകയാണെങ്കിൽ, അതു വീണ്ടും പുതുക്കി പണിതെങ്കിൽ മാത്രമേ സ്വർഗ്ഗത്തിലെ തീ ഇറങ്ങുകയുള്ളൂ. യാഗപീഠത്തിന്റെ പ്രാധാന്യത മറ്റെന്തിനോടാണ് തുല്യം ചേർക്കാൻ കഴിയുന്നത്? യേശുക്രിസ്തു തന്നെത്തന്നെ ക്രൂശിൽ ഒരു യാഗമായി തീർന്നില്ലേ? അതെ ക്രൂശ് പ്രധാന സ്ഥാനം വഹിക്കുമ്പോൾ ആ യാഗപീഠത്തിലേയ്ക്കു സ്വർഗ്ഗീയ തീ ഇറങ്ങുകയുള്ളൂ.

**തീ ഇറങ്ങുന്ന കപടത മുഴു യാഗവസ്തുവും യാഗപീഠത്തിൽ വയ്ക്കുമ്പോൾ.**

"പിന്നെ അവൻ വിറകു അടുക്കി കാളയെ ഖണ്ഡമായി ഖണ്ഡമായി വിറകിൻ മീതെ വെച്ചു" (1രാജാ.18:33). ദൈവത്തിന്റെ തീ ശൂന്യമായ യാഗപീഠത്തിൻ മേൽ വരുന്നില്ല. വളരെ ലളിതമാണ് നമ്മുടെ ജീവിതം യാഗപീഠത്തിൻ മേൽ വയ്ക്കുക എന്നത്: എന്നാൽ ദൈവസേവാർത്ഥം നമ്മെ മുഴു ആളത്വം യാഗപീഠത്തിൽ അർപ്പിക്കുന്നതാണ് അവിടുത്തെ ആഗ്രഹം - ഫ്രാൻസിസ് റീഡ്ലി പാടുന്നതു പോലെ ഒരു മുഴുവൻ/മൊത്തം യാഗാർപ്പണം ഇതാ എന്റെ ജീവിതം എന്റെ കരങ്ങൾ, എന്റെ പാദങ്ങൾ, എന്റെ ശബ്ദം, എന്റെ സ്നേഹം. ഇത് ഒരു കേവലം സമർപ്പണമല്ല, തുടർച്ചയായിട്ടുള്ള ജീവിതത്തിന്റെ ചലനം/പ്രവർത്തികൾക്കാണ് ഇവിടെ പ്രമുഖ സ്ഥാനം വരുന്നത്. ഭാഗീകമായ ഒരു സമർപ്പണം കൊണ്ട് ദൈവം സന്തോഷവാനല്ല. അനന്യാസും സഫീറയും ദൈവത്തിന് സമർപ്പിച്ചപ്പോൾ എല്ലാം അവർ കർത്താവിന് കൊടുക്കുന്നുവെന്ന് അഭിനയിച്ചു. എന്നാൽ എ ത്രയോ പേടിപെടുത്തുന്ന സംഭവമാണ് അവിടെ നടക്കുന്നത്. ദൈവത്താൽ വിളിക്കപ്പെട്ട അബ്രഹാം തന്റെ മകനെ യിസഹാക്കിനെ യാഗമർപ്പിക്കുവാൻ കത്തി എടുത്തു ഓങ്ങുമ്പോൾ തന്റെ വിശ്വാസത്തിന്റെ ഏറ്റവും ഉന്നതമായ ഈ യാഗാർപ്പണത്തിൽ ഉയരത്തിലെ ശബ്ദം കേൾക്കുന്നു. "നീ എന്റെ വാക്കു അനുസരിച്ചതുകൊണ്ട് നിന്റെ സന്തതി മുഖാന്തരം ഭൂമിയിലുള്ള സകല ജാതകികളും അനുഗ്രഹിക്കപ്പെടും എന്നു ഞാൻ എന്നെക്കൊണ്ടു തന്നെ സത്യം ചെയ്തിരിക്കുന്നു എന്നു യഹോവ അരുളിചെയ്തു" (ഉല്പ. 22:18). നന്മകൾക്ക് ഒരിക്കലും ദൈവത്തെ കബളിപ്പിക്കുവാൻ പറ്റുകയില്ല. അവൻ അറിയുന്നു. നമ്മുടെ യാഗപീഠത്തിൽ മുഴു യാഗവസ്തുവും ഉണ്ടോ എന്നുള്ളത്. അവിടുന്ന് പ്രവർത്തിക്കുവാൻ ഒട്ടും താമസിക്കുന്നില്ല.

തീ ഇറങ്ങുന്ന കപടത മുഴുൻ ഉപേക്ഷിച്ചും കളയുമ്പോൾ നാലു തൊട്ടിയിൽ വെള്ളം നിറച്ചു ഹോമയാഗത്തിന്മേലും വിറകിന്മേലും ഒഴിപ്പിൻ എന്നു പറഞ്ഞു. വെള്ളം യാഗപീഠത്തിന്റെ

(ശേഷം 7-ാം പേജിൽ)

( 6-ാം പേജിന്റെ തുടർച്ച)

**ആത്മാവിനാലുള്ള ശുദ്ധീകരണം**

ചുറ്റും ഒഴുകി; അവൻ തോട്ടിലും വെള്ളം നിറച്ചു. (1 രാജാ. 18:33,35). അന്യാഗ്നി വെളിപ്പെടുവാൻ ഏലിയാവും സമ്മതിക്കുന്നില്ല. 3 പ്രാവശ്യം ബാലിന്റെ പ്രവാചകന്മാരെ പുച്ഛിച്ച് സംസാരിക്കുന്നു തീ വയ്ക്കുന്നില്ലേ എന്ന്. ഇവിടെ ഒരു തരത്തിലുമുള്ള കൗശലപ്പണിയും വിജയിക്കുന്നില്ല. എന്നാൽ അവൻ വളരെ ഉറപ്പോട് എല്ലാം ചെയ്യുന്നു. ഉയർന്ന് വന്നേക്കാവുന്ന എല്ലാ നുണ പ്രചാരങ്ങളെ ആരംഭത്തിൽ തന്നെ ഏലിയാവ് തകർക്കുന്നു. യഹോവ അഗ്നി ഇറക്കി യാഗം ദഹിപ്പിച്ചുകളയുവാൻ വേണ്ടിയുള്ള എല്ലാ കാര്യങ്ങളും ഏലീയാവ് ഇവിടെ ചെയ്യുകയാണ്. ബാലിന്റെ പ്രവാചകന്മാരെ എല്ലാം ഏലീയാവ് യാഗസമയത്ത് തന്റെ അടുത്ത് വന്ന് നില്ക്കുവാൻ ആവശ്യപ്പെടുകയാണ്. ബാലിന്റെ പ്രവാചകന്മാരുടെ എല്ലാ സൂക്ഷ്മപരിശോധനകളും അറിഞ്ഞിരുന്ന ഏലിയാവിനു ഇവടെ യാതൊരു പേടിയും ഇല്ല. യാഗം ഒറ്റയ്ക്ക് അർപ്പിക്കുവാൻ ഏലീയാവിന് അറിയാമായിരുന്നു. യഹോവ സ്വർഗ്ഗത്തിൽ തീ ഇറക്കുമെന്ന് തോട്ടിലെ വെള്ളം വഴി പോകുന്നു. എത്രയോ വലിയ ഒരു വിശ്വാസം. ചിലർക്കു ഈ തരത്തിലുള്ള വിശ്വാസം ഇല്ല. നമ്മുടെ കർത്താവിലുള്ള ആശ്രയം തന്റെ പ്രവൃത്തി വെളിപ്പെടുത്തുക തന്നെ ചെയ്യും. ചഞ്ചലപ്പെട്ടു പോകുവാനല്ല. ഏലിയാവു ശ്രമിക്കുന്നത്, ഇത് എല്ലാവർക്കും ഒരു തെളിവായിരിക്കട്ടെ. അഗ്നികൊണ്ട് ഉത്തരം അരുളുന്ന ഒരു ദൈവത്തെ ഇത് മുന്നറിയിപ്പ് ആയിട്ട് നമ്മൾ കാണണം. കർത്താവ് യാതൊരു കള്ള നാണയത്തിലും പ്രസാദിക്കുന്നില്ല യെന്ന്.

അഗ്നിഇറങ്ങുന്നു ഏലിയാവ് വിശ്വാസത്തോടെ പ്രാർത്ഥിച്ചപ്പോൾ. യിസ്രായേൽ നീ ദൈവമെന്നും ഞാൻ നിന്റെ ദാസനെന്നും ഈ കാര്യമൊക്കെയും ഞാൻ നിന്റെ കല്പനപ്രകാരം ചെയ്തു എന്നും ഇന്നു വെളിപ്പെട്ടു വരട്ടെയ യഹോവേ എനിക്കു ഉത്തരമരുളേണമേ; നീ ദൈവം തന്നേ യഹോവേ, (1രാജാ. 18:36,37). എന്തൊരു വിരോധാഭാസമാണിവിടെ, ബാലിന്റെ പ്രവാചകന്മാർ ബാലിന്റെ മുൻപിൽ കിടന്ന് നിലവിളിക്കുന്നു ശരീരത്തിൽ മുറിവുകൾ ഉണ്ടാക്കി രക്തം ചൊരിയിക്കുന്നു. അങ്ങനെ എത്രയോ ഭ്രാന്തമായ ഒരു അന്തരീക്ഷം. എന്നാൽ സ്വർഗ്ഗത്തിൽ നിന്ന് അഗ്നി ഇറങ്ങുന്നില്ല. അവരുടെ തലമുറയ്ക്കു മുമ്പിൽ സ്വർഗ്ഗത്തിന്റെ നിശബ്ദത തെളിയിക്കുകയാണ്. അവർ സേവിക്കുന്ന ബാൽ ഒരു ദൈവമല്ലെന്നു. വാക്യം 27-ൽ ഉച്ചയായപ്പോൾ ഏലിയാവു അവരെ പരിഹസിച്ചു. ഉറക്കെ വിളിപ്പിൻ; അവൻ ദേവനല്ലോ; അവൻ ധ്യാനിയാകുന്നു; അല്ലെങ്കിൽ വെളിക്കു പോയിരിക്കുകയാകുന്നു. അല്ലെങ്കിൽ യാത്രയിലാകുന്നു. അല്ലെങ്കിൽ പക്ഷേ ഉറങ്ങുകയാകുന്നു. അവനെ ഉണർത്തേണമെന്നു പറഞ്ഞു. ഈ വിളിച്ചു പറച്ചിലിൽ കൂടി ഏലിയാവ് വെളിപ്പെടുത്തുകയാണ്. തന്റെ ദാസന്മാർ നിന്ദിക്കപ്പെടുവാൻ കർത്താവ് അനുവദിക്കുകയില്ലെന്നും ഈ തരത്തിലുള്ള ദൈവ വിശ്വാസം വരുമ്പോഴാണ് കർത്താവ് അധികം സന്തോഷിക്കുന്നത്. ഈ അനശ്വരമായ ഏലിയാവിന്റെ ഈ പരീക്ഷണം ദൈവസന്നിധിയിൽ നിന്നു വ്യതിചലിച്ചുപോയ രാജാവിനെയും പിൻമാറ്റം സംഭവിച്ച ദേശവും വിഗ്രഹാരാധനകരായ ബാലീന്റെ പുരോഹിതൻമാരുള്ള കർമ്മേലിന്റെ മലമുകളിൽ വിശ്വാസത്തിന്റെയും പ്രാർത്ഥനയുടെയും ഏറ്റവും നല്ല ഒരു പ്രദർശനമാണ്.

അപ്പോൾ യഹോവയുടെ തീ ഇറങ്ങി. സ്വർഗ്ഗീയ അഗ്നി വെളിപ്പെടുന്നത് ഘട്ടം ഘട്ടങ്ങളിലായിട്ടല്ല. വിശ്വാസത്തോടുള്ള പ്രാർത്ഥനയുടെ പിൻതുടർച്ചയായിട്ടാണ് സ്വർഗ്ഗത്തിലെ അഗ്നി പ്രത്യക്ഷപ്പെടുന്നത്. സമർപ്പണം, വിറക് കല്ലുകൾ വെള്ളം മുതലായ ഒരു ഘടകവും സ്വർഗ്ഗീയ അഗ്നി പ്രത്യക്ഷപ്പെടുന്നതിന് ഒരു തടസ്സമാകുന്നില്ല. സത്യമായ ദൈവത്തിന്റെ സാന്നിദ്ധ്യവും ശക്തിയും ഒരു പ്രാവീണ്യം കൂടി തന്റെ ജനത്തിന്റെ മദ്ധ്യേ കർത്താവ് വെളിപ്പെടുത്തുന്നു. ദൈവത്തെയും തന്റെ ദാസനെ ഒരു പോലെ മാനിക്കുന്നതായിട്ട് ഇവിടെ കാണുന്നു. ബാലിന്റെ പ്രവാചകന്മാരുടെ കള്ളത്തരം പൊളിഞ്ഞു. നമ്മുടെ പ്രാർത്ഥനകൾക്ക് ഒരു ശരിയായ ലക്ഷ്യമുണ്ടെങ്കിൽ " നിങ്ങൾ എന്റെ നാമത്തിൽ അപേക്ഷിക്കുന്നതൊക്കെയും പിതാവു പുത്രനിൽ മഹത്വപ്പെടേണ്ടതിനും ഞാൻ ചെയ്തു തരും" (യോഹ. 14:13). നമ്മൾക്കു സ്വർഗ്ഗത്തിൽ നിന്ന് അഗ്നി ഇറങ്ങുന്നതു കാണാം.

**അഗ്നിയുടെ നേട്ടങ്ങൾ**

സ്വർഗ്ഗത്തിൽ ഇറങ്ങിയ ആ തീ എല്ലാ യിസ്രായേലിന്റെ മുഖത്ത് കാണാമായിരുന്നു. ജനമെല്ലാം അതുകണ്ട് കവിണ്ണു വീണു. " യഹോവ തന്നേ ദൈവം യഹോവ തന്നെ ദൈവം എന്നു പറഞ്ഞു " (1രാജാ 18:39). ദഹിപ്പിക്കുന്ന അഗ്നിയായ യഹോവ സ്വർഗ്ഗത്തിൽ നിന്ന് അഗ്നി ഇറക്കുന്നവനാണെന്ന് ഏലിയാവിന്റെ സംസാരത്തിൽ കൂടി തന്നെ സമർത്ഥിക്കുകയാണ്. തെളിവായിട്ട് അവരുടെ കണ്ണുകളിൽ കണ്ട ആ കാഴ്ചയെ തിരസ്ക്കരിക്കുവാൻ കഴിയുന്നില്ല. പരിശുദ്ധാത്മാവിന്റെ ശക്തി നമ്മുടെ കാര്യാദികളിൽ വെളിപ്പെടുമ്പോൾ ദൈവം ഇല്ലാത്ത ഈ ലോകം പറയും നമ്മൾ സേവിക്കുന്നത് ജീവനുള്ള യഥാർത്ഥ ദൈവമാണെന്ന്.

**അസാദ്ധ്യങ്ങളെ മാറ്റുന്ന സ്വർഗ്ഗീയ അഗ്നിക്കു നേട്ടങ്ങൾ**

ആരെങ്കിലും കേട്ടിട്ടുണ്ടോ കല്ലുകളെ ദഹിക്കപ്പെട്ടതായിട്ട് ഒരിക്കൽ അങ്ങനെ സംഭവിച്ചു. പെന്തെക്കോസ്തു ദിനത്തിൽ സ്വർഗ്ഗത്തിൽ നിന്നുള്ള അഗ്നി അപ്പോസ്തലന്മാരിൽ പതിഞ്ഞപ്പോൾ പല അസാദ്ധ്യങ്ങളും സംഭവിക്കപ്പെട്ടു. ഭീരുത്വം മാറി,. ധൈര്യം പ്രാപിക്കപ്പെടുന്നു സംശയം മാറിയിട്ട് വിശ്വാസം വളരുന്നു, സ്വാർത്ഥതകൾ മാറിപോയിട്ടു കർത്താവിന്റെ വലിയ മഹത്വം വെളിപ്പെടണമെന്നു തീവ്ര ആഗ്രഹം വളരുന്നു. ഒരു നിലവാരമുള്ള ജീവി തം വേണമെന്നുള്ള ഒരിക്കൽ നഷ്ടമായിപോയത് ഇന്ന് അധികം വളർന്ന് തഴെക്കുന്നു.

ദൈവത്തിന്റെ അഗ്നി വിശ്വാസിയുടെ ജീവിതത്തിലേക്കു വരുമ്പോൾ കഴിഞ്ഞ പത്ത് വർഷം നേടിയെടുക്കാൻ കഴിയാതിരുന്നത് വെറും പത്ത് മിനിട്ടു കൊണ്ടു നേടിയെടുക്കുമ്പോൾ കർത്താവ് സഹായിക്കുന്നു. ഏത് ജീവിതത്തിലേയ്ക്കാണോ ദൈവത്തിന്റെ അഗ്നി ഇറങ്ങുന്നത് അവരിൽ പരിശുദ്ധാത്മാവിന്റെ പ്രേരണയും ദൈവഹിതത്തിൽ നടക്കുവാനുള്ള പ്രചോദനവും ഉണ്ടായിക്കൊണ്ടിരിക്കും.

❖

( 2-ാം പേജിന്റെ തുടർച്ച)

**കൊടുങ്കാറ്റിന്റെ ഭീകരത നേരിടുമ്പോൾ**

നമ്മുടെ ഹൃദയത്തെ ചുറ്റിപിടിച്ചിരിക്കുന്ന കറ/ കന്മഷം മാറ്റി നമ്മെ ശുദ്ധീകരിച്ച് എടുക്കുകയാണ്. പ്രശ്നങ്ങൾ എന്നു പറയുന്നതു നമ്മെ ചെത്തി വെടിപ്പാക്കാനുള്ള ഒരു നല്ല മൂർച്ചയുള്ള ഒരു കത്തിയാണ്, അങ്ങനെ അധിക ഫലം പുറപ്പെടുവിക്കാൻ കഴിയും.

നിങ്ങൾ ക്രിസ്തുവിനെ സേവിക്കുവാൻ തീരുമാനമെടുത്തിരിക്കുന്നുവെങ്കിൽ കർത്താവ് എങ്ങനെ എല്ലാ കാര്യങ്ങളോടും പ്രതികരിച്ചപ്പോൾ, നിങ്ങൾക്കു ആ ഒരു ഭാവം ഉണ്ടാകണം. നിങ്ങളുടെ ജീവിതത്തിൽ നിങ്ങൾ നേരിട്ടേക്കാവുന്ന ഓരോ കുരിശുകൾ നേരിടുവാൻ നിങ്ങലുടെ മനസ്സിനെ ആദ്യം തന്നെ ഒന്നു ഒരുക്കിയെടുത്താൽ നിങ്ങളുടെ ജീവിതം ഒരു പ്രശ്നം/ ആയിതീരുകയില്ല. ഈ ഒരു വെളിപ്പാടു പ്രാപിക്കാതെ അനേകർ ആരംഭത്തിൽ നല്ല രീതിയിൽ ഓടിയിട്ട് ഒരു സുപ്രഭാതത്തിൽ പിൻവാങ്ങിപോകുകയും ചെയ്യുന്നു.

നീ ഒരു ദൈവമകനായിട്ട് മാറുവാൻ ആഗ്രഹിക്കുന്നുവെങ്കിൽ യേശുക്രിസ്തുവിന്റെ കരങ്ങളിലേക്ക് നിന്നെ കൊടുക്കുക. അപ്പോൾ അവൻ നിന്നെ അവിടുത്തെ ഹിതപ്രകാരം ശുദ്ധീകരിച്ച് നടത്തും, അവിടുന്ന് ഒരിക്കലും തെറ്റായുള്ളതു ചെയ്യുന്നില്ല. ഒരു കാര്യം വ്യക്തമാക്കുക അവിടുന്ന് എല്ലാം നന്മയ്ക്കായിട്ട് മാത്രം ചെയ്യുന്നുവെന്ന്. അതെ കാറ്റ് ശക്തിയായിട്ട് നിന്റെ ചുറ്റും ആഞ്ഞടിച്ചേക്കാം, പേടിക്കരുത്. "അവർ പാർപ്പാൻ തക്ക പട്ടണത്തിൽ ചെല്ലേണ്ടതിനും അവൻ അവരെ ചൊവ്വേയുള്ള വഴിയിൽ നടത്തി " (സങ്കീ. 107:7).

**താഴ്വരയിൽ കൂടി ഒരു യാത്ര**

ക്രിസ്ത്യാനികളുടെ ഭൂമുഖത്തുള്ള ഒരു ജീവിതം വളരെ ദുർഘടമാണ്. കടന്നു പോകാൻ ബുദ്ധിമുട്ടുള്ള ആ താഴ് വരയിലേക്കും നമ്മൾ യാത്ര ചെയ്യേണ്ടവരാണ്. ശാരീരിക ക്ലേശങ്ങൾ, കുടു:ബ പ്രശ്നങ്ങൾ അപ്രതീക്ഷതമായുള്ള എതിർപ്പുകൾ, ഏറ്റവും പ്രിയപ്പെട്ടവരുടെ വേർപാടുകൾ, ഭീതി, ഹൃദയത്തെ പിടിച്ചുകുലുക്കുന്ന സംഭവങ്ങൾ സാമ്പത്തിക ബുദ്ധിമുട്ടുകൾ ഇങ്ങനെ ഒരു കൂട്ടം പ്രശ്നങ്ങളുടെ താഴ് വര ജീവിതത്തിൽ വന്നേക്കാം.

ദൈവത്തിനു മാത്രമേ അതിൽ നിന്നും രക്ഷിപ്പാൻ കഴിയുകയുള്ളൂ. എന്തുകൊണ്ട് നാം ഈ താഴ്വരയിൽ കൂടി കടന്ന് പോകണം. പക്ഷേ ഇവിടെയും ദൈവം നമ്മോട് പറയുന്നത് "എന്നാൽ ദൈവത്തെ സ്നേഹിക്കുന്നവർക്കു നിർണ്ണപ്രകാരം വിളിക്കപ്പെട്ടവർക്കു തന്നേ സകലവും നന്മയ്ക്കായി കൂടി വ്യാപിക്കുന്നു എന്നു നാം അറിയുന്നു" (റോമ. 8:28).

ഈ താഴ്വരയുടെ അനുഭവം നമ്മളിൽ പിറുപിറുപ്പ് കൊണ്ടുവന്നേക്കാം. ഇവിടെ ഭീതിപ്പെടുകയോ ആശ്ചര്യപ്പെടുകയോ ചെയ്തേക്കാം. ചിലർ വളരെ കഷ്ടപ്പെട്ടേക്കാം. അക്ഷമനായിട്ടുള്ള ഈ താഴ്വരയിൽ കൂടിയുള്ള യാത്ര.

ഇരുളേറിയ ഈ സമയത്ത് നമ്മൾ യേശുവിന്റെ മുഖത്തേക്കു നോക്കിയാൽ തീർ ച്ചയായിട്ടും അവിടുത്തെ പ്രകാശം അനുഭവിക്കുവാൻ കഴിയും. നമ്മളുടെ ഹൃദയത്തെ പൂർണ്ണമായിട്ട് അവനിൽ സമർപ്പിക്കപ്പെട്ടതാണെങ്കിൽ ആ സ്നേഹത്തോടുള്ള പുഞ്ചിരി ഒരു പക്ഷേ നിന്റെ മുഖത്ത്, കണ്ണുകളിൽ നിന്നും കണ്ണുനീർ ധാര ധാരയായി വീഴുമ്പോൾ ആകാം, നിങ്ങളുടെ ഹൃദയം .നിന്നു ധൈര്യം പ്രാപിക്കപ്പെട്ടരിക്കാം.

"യഹോവയിങ്കൽ പ്രത്യാശ വെക്കുക; ധൈര്യപ്പെട്ടിരിക്കുക; നിന്റെ ഹൃദയം ഉറെച്ചിരിക്കട്ടെ; അതേ നിന്നോടു കൂടെ ഉണ്ട്; ഭ്രമിച്ചു നോക്കേണ്ടാ. ഞാൻ നിന്റെ ദൈവം ആകുന്നു, ഞാൻ നിന്നെ ശക്തീകരിക്കും; ഞാൻ നിന്നെ സഹായിക്കും. എന്റെ നീതിയുള്ള വലങ്കൈകൊണ്ടു ഞാൻ നിന്നെ താങ്ങും" (യെശ. 41:10).

കർത്താവിനു ഈ താഴ്വരയിൽ കൂടി കടന്ന് പോകുന്ന നമ്മളെ ചില കാര്യങ്ങൾ പഠിപ്പിക്കുവാനുണ്ട്. നമ്മുടെ ചില കാര്യങ്ങൾ കാണിക്കുവാൻ കൂറെകൂടി നമ്മെ ഒന്നു ശുദ്ധീകരിക്കുവാൻ കുറച്ചുകൂടി അവനെയും അവിടുത്തെ വഴികളെയും നമ്മുടെ ജീവിതത്തിൽ വെളിപ്പെടുത്തുവാൻ. അതുകൊണ്ട് അവിടുന്ന് മനസ്സോടെ നമ്മെ സഹായിക്കുവാൻ നമ്മുടെ അടുക്കലേക്ക് വരുന്നു. എന്നിൽ ആശ്രയിക്കുക. എന്റെ കരം പിടിക്കുക. എന്റെ കരങ്ങളിലേക്ക് ചാടുക. താഴ് വരയുടെ യാത്രയിൽ നമ്മോടുള്ള യേശുവിന്റെ വാക്കുകൾ വളരെ മാധുര്യമേറിയതും നിറഞ്ഞു തുളുമ്പുന്ന സ്നേഹത്തിന്റെതുമായിരിക്കും.

ദൈവപൈതലേ, യാത്രയിൽ ഒരിക്കലും അവിടുത്തെ നാമത്തെ പുച്ഛികരിക്കരുത്. ഇത് നമ്മെ ഒരു നല്ല ദൈവപുത്രനാക്കാൻ വേണ്ടിയാണ്. ലോകത്തിൽ തിന്മകളും പാപങ്ങളും കൂടുമ്പോൾ ഇത് നമ്മെ അധികം പ്രകാശപൂർണ്ണമാക്കുന്നു. യേശുക്രിസ്തുവിന്റെ നല്ല കുലീന യോദ്ധാക്കളായി മാറുന്നു. നല്ല വിശ്വസ്ത സാക്ഷികളെ സൃഷ്ടിക്കുന്നു. കൂടുതൽ ശുഷ്കാന്തിയുള്ള വേലക്കാരെ, അധികം സമർപ്പിതരായ അനുയായികളെ, ഒരു ശുദ്ധീകരിക്കപ്പെട്ട സഭയെ, അതെ കർത്താവിന്റെ വരവിന്റെ ഒരുക്കത്തോടെ

താഴ് വര ജീവിത അനുഭവങ്ങൾ നമ്മളെ എതിർ ക്രിസ്തുവിന്റെ ഭൂമിയിലുള്ള പ്രവൃത്തി നേരിടുവാൻ അധികം ശക്തി ഉളവാക്കുന്നു. കൊടുങ്കാറ്റിന്റെ മധ്യേയും സമാധാനത്തോടയും ശാന്തമായിട്ട് ഇരിക്കുവാൻ ഇത് നമ്മെ പഠിപ്പിക്കുന്നു. അതുകൊണ്ട് ലോക മനുഷ്യർ പല കാര്യങ്ങൾ അറിഞ്ഞിട്ട് ഭയചകിതരായിതീരുമ്പോൾ കർത്താവ് നമ്മുടെ കൂടെ ഉണ്ടെന്നുള്ള അധികം വിശ്വാസത്തിലായിരിക്കുവാൻ സാധിക്കും.

"പാപം പെരുകുന്നു. ന്യായവിധി വരുന്നു. ദൈവത്തിനു നന്ദി, പാപം പെരുകുന്നിടത്ത്, കൃപയും പെരുകുന്നു. ദൈവം താഴ്മയുള്ളവർക്ക് കൃപ നല്കുന്നു" (യാക്കോ. 4:6). അവിടുത്തെ ശക്തിയുള്ള കരങ്ങളിൽ കീഴിൽ നമുക്ക് താണിരിക്കാം അതേ അവിടുന്ന് നല്കുന്നതു അനവധി നമ്മുടെ ഈ യാത്രയിൽ നാം ഭവിക്കട്ടെ. നമുക്ക് കൂടുതലായിട്ട് അവനെ അറിയാം. അന്വേഷിക്കാം- സ്വന്തം കാര്യങ്ങൾ മറക്കാം നമ്മുടെ തായ സന്തോഷങ്ങളും താല്പര്യങ്ങളും അങ്ങനെ നമ്മൾ ജീവിച്ചാലും മരിച്ചാലും ഏതിൽ കൂടിയും കർത്താവിന്റെ നാമം മഹത്വപ്പെടട്ടെ. ❖

Edited & Published by Mrs. Bindhu.M. Trivandrum- 695032 Printed at Excellent Printers Plavila, Thirumala, T.v.m - 6 Phone: 2351975